**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** | **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പൊതു കടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെ സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. ഇത് സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പുറത്തുവിട്ട 2021-22 ലെ വാർഷിക ആഭ്യന്തര ഉൽപാദനമായ 9,06,920.93 കോടി രൂപയുടെ 2.48 ശതമാനമാണ്. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ റവന്യൂ വരുമാനത്തിന്റെ 19.98 ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു. |
| (സി) | 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി മാറ്റിവെച്ചിരുന്നു, വ്യക്തമാക്കുമോ? | (സി) | 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 15.86 ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ബജറ്റിൽ മാറ്റിവെച്ചിരുന്നു, |

സെക്ഷൻ ഓഫീസർ